LIBRARY ARCHIVES Kerala Legislative Assembly

ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണം

350 (328) ശ്രീ. ഇ. പി. ജയരാജൻ:

ശ്രീ. വി. ശിവൻകുട്ടി:

ശ്രീ. ബി. സത്യൻ:

ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കാൻ 258 കോടി രൂപയുടെ കരാർ നൽകിയതിലെ അഴിമതി ആരോപണത്തെ കുറിച്ച് വിജിലൻസ് അന്വേഷണം നടത്താനുള്ള വിജിലൻസ് കോടതിയുടെ ഉത്തരവ് താൽക്കാലികമായി തടഞ്ഞുകൊണ്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; ഇതേ തുടർന്ന് വിജിലൻസ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ; ഹൈക്കോടതിയുടെ വിധി പ്രസ്താവം എന്തായിരുന്നു;

(ബി) ഈ വിഷയത്തിൽ തിരുവനന്തപുരത്തെ വിജിലൻസ് പ്രത്യേക കോടതി ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച വിധി പ്രസ്താവം എന്തായിരുന്നു ? വിശദമാക്കാമോ; വിജിലൻസ് സമർപ്പിച്ചിരുന്ന പ്രാഥമിക അന്വേഷണ റിപ്പോർട്ട് വിജിലൻസ് കോടതി തള്ളിയതിന്റെ കാരണം വിശദമാക്കുമോ ;

(സി) വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ കേസ് രജിസ്റ്റർ ചെയ്ത തുടർ അന്വേഷണം നടത്താനുള്ള 28-8-2014 -ലെ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ (തിരുവനന്തപുരം) ഉത്തരവ് നടപ്പാക്കുന്നത് തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഹർജി നൽകിയ ആളിന് അനുകൂലമായി അഡ്വക്കേറ്റ് ജനറൽ നിലപാട് സ്വീകരിച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഹൈക്കോടതി വിധിയിൽ സ്റ്റേ നീക്കിയ സാഹചര്യത്തിൽ തുടർ അന്വേഷണത്തിന് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘത്തെയാണ് വിജിലൻസ് നിയോഗിച്ചിട്ടുള്ളത്? എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത അന്വേഷണം ആരംഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത കേസ്സിലെ ആറ് കുറ്റാരോപിതരിൽ മൂന്നാം പ്രതി ഒഴികെയുള്ളവരുടെ സ്റ്റേ ഉത്തരവാണ് 19-1-2016-ൽ ബഹുമാനപ്പെട്ട കോടതി പിൻവലിച്ചിട്ടുള്ളത്. കേസന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) ശ്രീ. സെബാസ്റ്റ്യൻ ജോർജ്, ശ്രീ. സുനിൽ, ശ്രീ. ജയൻ എന്നിവർ നൽകിയ പരാതിയിന്മേൽ വിജിലൻസ് , കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുവാനാണ് വിജിലൻസ് കോടതി ഉത്തരവായിട്ടുള്ളത്. വിജിലൻസ് സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ട് കോടതിക്ക് സ്വീകാര്യമാകാത്തതിനാലാണ് തള്ളിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത തുടന്വേഷണം ശ്രീ. ടി. അജിത് കുമാറിന്റെ (ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1) നേതൃത്വത്തിലാണ് നടത്തുന്നത്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്താണ് അന്വേഷണം ആരംഭിച്ചിട്ടുള്ളത്.

ടൈറ്റാനിയം അഴിമതി

351 (329) ഡോ. ടി. എം. തോമസ് ഐസക്:
ശ്രീ. സാജു പോൾ:
ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ 256 കോടി രൂപയുടെ മലിനീകരണനിവാരണ പദ്ധതി നടപ്പാക്കുന്നതിലെ, മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്കെതിരായുള്ള അഴിമതി ആരോപണം സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സി.എം.പി. നമ്പർ 802/2011 എന്ന കേസിൽ തിരുവനന്തപുരം എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ് 28-8-2014-ന് പുറപ്പെടുവിച്ച വിധിയിൽ പ്രതികൾക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന് ഉത്തരവുണ്ടായിരുന്നുവോ;